സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ടൂറിസം വകുപ്പു വഴി നടപ്പിൽ വരുത്തുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് മുഖേന മൂന്നാറിന്റെ "കാരിയിംഗ് കപ്പാസിറ്റി" സ്റ്റഡി നടത്തി വരുന്നു

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഗവൺമെന്റ് വക സ്ഥലത്തിന്റെ ദൗർലഭ്യവുമാണ് മൂന്നാറിന്റെ വികസനത്തിന് തടസമായി നിൽക്കുന്ന പ്രധാന സംഗതികൾ എന്നാണ് മനസ്സിലാക്കുന്നത്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

154 (2469) വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.ടി.ഡി.സി.യുടെ ടൂർ സർവ്വീസ് ആരംഭിക്കുവാൻ നടപടി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കോവളം, ബേക്കൽ വിനോദ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.ടി.ഡി.സി.യുടെ ബസ് സർവ്വീസ് ഏർപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) നിലവിൽ ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഇത്തരം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കേരളത്തിലെ മുഴുവൻ ടൂറിസ്റ്റു കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ടൂർ സർവ്വീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കോവളവും ബേക്കലും ബന്ധിപ്പിച്ചുകൊണ്ടുള്ള ബസ് സർവ്വീസ് ഉടനേ ആരംഭിക്കുവാൻ നിവൃത്തിയില്ല.

(ബി)&(സി) ഉണ്ട്. കെ.ടി.ഡി.സി. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കണ്ടക്ടഡ് ടൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1)	തിരുവനന്തപുരം	-	കന്യാകുമാരി
2)	തിരുവനന്തപുരം	-	മൂന്നാർ
3)	തിരുവനന്തപുരം	-	തേക്കടി
4)	തിരുവനന്തപുരം	-	മധുര - കൊടൈക്കനാൽ
5)	തിരുവനന്തപുരം	-	മലമ്പുഴ - ഊട്ടി
6)	തിരുവനന്തപുരം	-	മൈസൂർ - ബാംഗ്ലൂർ
7)	തിരുവനന്തപുരം സിറ്റി ടൂർ (വേളി, കോവളം, നെയ്യാർഡാം)		
8)	എറണാകുളം ബാക്ക് വാട്ടർ ടൂർ		

LIBRARY ARCHIVES Kerala Legislative Assembly

9) കുത്തിയതോട് കനാൽ ടൂർ,

155 (2470) കോവളം ബീച്ചിലെ ലൈഫ്ഗാർഡുകളെയും സൂപ്പർവൈസർമാരെയും സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് കോവളം ആവാടുതുറ ബീച്ചിൽ നേരിട്ടുകൊണ്ടിരുന്ന അപകട മരണങ്ങൾ നിയന്ത്രിക്കുന്നതിന് ലൈഫ് ഗാർഡുകളെയും സൂപ്പർവൈസർമാരെയും നിയമിച്ചത് എന്നു മുതൽക്കാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രപേരെ ലൈഫ്ഗാർഡുകളായും സൂപ്പർവൈസർമാരായും ഇവിടെ നിയമിച്ചു; ഇവരുടെ നിയമനരീതിയും വ്യവസ്ഥയും എന്തായിരുന്നു; ഇപ്പോൾ എത്രപേരെ ഇവിടെ ഈ ജോലിയിലേർപ്പെട്ടിരിക്കുന്നു;

(സി) ഇവരെ നിയമിച്ചശേഷം അപകടമരണങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവരെ നിയമിച്ചശേഷം എത്ര അപകടമരണങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്;

(ഡി) അപകടമരണങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ദീർഘകാലമായി ഈ ജോലിയിലേർപ്പെട്ടിരിക്കുന്ന ലൈഫ് ഗാർഡുകളേയും സൂപ്പർവൈസർമാരേയും മാനുഷിക പരിഗണന നൽകി ഈ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1986-87 ൽ ഈ സർവ്വീസ് ആരംഭിച്ചു.

(ബി) ടൂറിസം വകുപ്പിന്റെ കീഴിൽ മൊത്തം 43 ലൈഫ്ഗാർഡുകൾ കോവളം, വർക്കല, വേളി, ശംഖുമുഖം തുടങ്ങിയ ബീച്ചുകളിൽ ജോലിനോക്കുന്നു. ഇവരെ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്.

(സി) അപകടമരണങ്ങൾ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു അപകടമരണം മാത്രമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) ഈ വിഷയം ഇപ്പോൾ ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

156 (2471) കോഴിക്കോട് ജില്ലയിൽ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായുള്ള വികസന പദ്ധതികൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly